(ബി) സംസ്ഥാനത്തെ മുഴുവൻ ഗ്രാമപഞ്ചായത്തുകളെയും ഒരു നെറ്റ്‌വർക്കിന് കീഴിലാക്കുന്ന നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(സി) കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഭാഗമായി ജീവനക്കാർക്ക് എന്തെല്ലാം പരിശീലനങ്ങളാണ് നൽകിയതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തുകളുടെ എല്ലാ പ്രവർത്തനങ്ങളും സമ്പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കുന്ന പ്രവൃത്തികൾ പൂർത്തിയായിട്ടില്ല.

(ബി) കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളും VPN/KSWAN നെറ്റ് വർക്കിലൂടെ കണക്ട് ചെയ്തിട്ടുണ്ട്. National Optical fiber Network (NOFN) മുഖേന സംസ്ഥാനത്തെ മുഴുവൻ ഗ്രാമപഞ്ചായത്തുകളെയും ഹൈ സ്പീഡ് നെറ്റ്‌വർക്ക് വഴി ബന്ധപ്പെടുത്തുന്ന പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(സി) ഗ്രാമപഞ്ചായത്തിൽ ഉപയോഗിക്കുന്ന സാംഖ്യ, സുലേഖ, സൂചിക ഉൾപ്പെടെ എല്ലാ ആപ്ലിക്കേഷനുകളും ജീവനക്കാർക്ക് കൈകാര്യം ചെയ്യുന്നതിനുള്ള സമഗ്രമായ പരിശീലനങ്ങൾ ഇൻഫർമേഷൻ കേരള മിഷന്റെ സഹായത്തോടുകൂടി കില നൽകിവരുന്നു.

പുതിയ പഞ്ചായത്തുകൾ

226 (1598) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പുതിയ പഞ്ചായത്തുകൾ രൂപീകരിച്ചതുമായി ബന്ധപ്പെട്ട് സ്വീകരിച്ച മാനദണ്ഡം എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) പുതിയ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള അപേക്ഷകൾ നിലവിലുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ജനസംഖ്യ, ഭൂവിസ്തൃതി, പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനുള്ള സൗകര്യം എന്നിവയാണ് പുതിയ പഞ്ചായത്തുകൾ രൂപീകരിക്കുന്നതിനു സ്വീകരിച്ചിട്ടുള്ള മുഖ്യ മാനദണ്ഡങ്ങൾ

(ബി) നിലവിലുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly